Draft #4 of File 4175/AD A1/2/2022/AD A1(PART-III) Approved by ASSISTANT REGISTRAR I (ADMIN) on 04-Nov-2022 12:07 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം - സിൻഡിക്കേറ്റ് തീരുമാനം - ഡൽഹിയിൽ സർവ്വകലാശാലയുടെ നോഡൽ/ലെയ്സൺ ഓഫീസർ തസ്തികയിൽ ശ്രീമതി വിജയകുമാരി ജോയ്സ്-ൻറെ പുനർ നിയോഗം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 11185/AD A1/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 04.11.2022

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നമ്പർ: 4742/AD A1/2022/എം.ജി.യു.,തീയതി:06.05.2022.

2. സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് നമ്പർ: 4175/AD A1/2/2022/ADA 1(PART-III) തീയതി: 31.07.2022.

3. 23.08.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം.165/22.05/4175/AD A1/2/2022/AD A1(PART-III).

4. സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ് നമ്പർ: 4175/AD A1/2/2022/ADA 1(PART-III) തീയതി: 18.10.2022.

5. 22.10.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം.ഒ.എ.18/22.08/4175/AD A1/2/2022/AD A1(PART-III).

**ഉത്തരവ്**

സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ പഠന വകുപ്പുകൾ/സെൻററുകൾ നടത്തുന്ന പ്രോജക്ടുകൾക്കും പ്രവർത്തനങ്ങൾക്കും ന്യൂഡൽഹി കേന്ദ്രീകരിച്ചുള്ള വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനായി, ഡൽഹിയിൽ നിയോഗിച്ച സർവ്വകലാശാലയുടെ നോഡൽ/ലെയ്സൺ ഓഫീസറായ ശ്രീമതി വിജയകുമാരി ജോയ്സ്-നെ, 29.07.2019 മുതൽ 03.08.2022 വരെ, വിവിധ ഘട്ടങ്ങളിലായി, 25,000/- രൂപ പ്രതിമാസ വേതന നിരക്കിൽ പരാമർശം (1) പ്രകാരം നിയോഗിച്ചിരുന്നു.

ശ്രീമതി വിജയകുമാരി ജോയ്സ്-ൻറെ നിലവിലെ നിയോഗ കാലയളവ് 03.08.2022-ന് അവസാനിച്ചതിനാൽ ആയത് ദീർഘിപ്പിച്ച് നൽകണമെന്നും ലെയ്സൺ ഓഫീസർ എന്ന നിലയിൽ താൻ മൂന്ന് വർഷം പൂർത്തിയാക്കിയിരിക്കുന്നുവെന്നും കൂടാതെ തനിക്ക് ഓണറേറിയം വർദ്ധിപ്പിച്ച് നൽകുന്നത്, വർദ്ധിച്ച യാത്രാ ചെലവുകൾക്ക് ആനുപാതികമായ യാത്രാ അലവൻസ് പ്രയോജനപ്പെടുത്തുന്നത്, എന്നിവ പരിഗണിക്കണമെന്നും ടിയാരി അഭ്യർത്ഥിച്ചിരുന്നു. വൈസ് ചാൻസലറുടെ ഉത്തരവനുസരിച്ച് പ്രസ്തുത വിഷയം പരാമർശം (2) പ്രകാരം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി.

23.08.2022-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം വിഷയം പരിഗണിക്കുകയും, മേല്പറഞ്ഞ ഏകോപനപ്രവർത്തനങ്ങൾക്കായി ഡൽഹിയിൽ നിയോഗിച്ച നോഡൽ/ ലെയ്സൺ ഓഫീസർ ശ്രീമതി വിജയകുമാരി ജോയ്സ്-ന്റെ നിയമനം താൽക്കാലികനിയമനം ആണെന്നും, ആയതിനാൽ ടിയാളുടെ അപേക്ഷയിലെ മൂന്ന് വർഷം കാലാവധി പൂർത്തീകരിച്ചുവെന്ന വാദം നിലനിൽക്കുന്നതല്ലെന്നും, ടിയാളുടെ നിയമനം 09.08.2022 മുതൽ 6 മാസത്തേക്ക് നൽകുന്നതിനും, ഓണറേറിയം ആയി ₹27,000/-(ഇരുപത്തിയേഴായിരം രൂപ മാത്രം) പ്രതിമാസം നൽകുന്നതിനും പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

Draft #4 of File 4175/AD A1/2/2022/AD A1(PART-III) Approved by ASSISTANT REGISTRAR I (ADMIN) on 04-Nov-2022 12:07 PM - Page 2

എന്നാൽ പ്രസ്തുത തീരുമാനത്തിലെ 09.08.2022 എന്ന തീയതി പൊതു അവധിയായിരുന്നതിനാൽ, അവധിദിനം പ്രാബല്യത്തിൽ ഉത്തരവ് നൽകുന്നത് ഓഡിറ്റ് തടസ്സവാദം ഉണ്ടാകുവാൻ ഇടയുള്ളത് പരിഗണിച്ച് പ്രസ്തുത തീയതി പുന:പരിശോധിക്കുന്നതിനായി, വൈസ് ചാൻസലറുടെ ഉത്തരവനുസരിച്ച് പരാമർശം (4) പ്രകാരം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി പുനഃസമർപ്പിക്കുകയുണ്ടായി.

22.10.2022-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം തീയതി പുനഃപരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 09.08.2022 എന്ന തീയതി പൊതു അവധിയായിരുന്നതിനാൽ, 10.08.2022 എന്നാക്കി മാറ്റുന്നതിന് പരാമർശം (5) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

ആയത് പ്രകാരം, ശ്രീമതി വിജയകുമാരി ജോയ്സിന്റെ നോഡൽ/ലെയ്സൺ ഓഫീസർ തസ്തികയിലെ പുനർ നിയോഗ കാലയളവ് 10.08.2022 മുതൽ 6 മാസത്തേയ്ക്ക് ആയിരിക്കും.

ശ്രീമതി വിജയകുമാരി ജോയ്സ്-ന്റെ പ്രതിമാസ വേതനം നടപ്പ് സാമ്പത്തിക വർഷ (2022-23) ബഡ്ജറ്റിലെ "22 101 27 - Payment to Contingent Employees" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ശ്രീമതി വിജയകുമാരി ജോയ്സ്, ലെയ്സൺ ഓഫീസർ
2. വൈസ് ചാൻസലർ, പ്രൊ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം.ജി സർവ്വകലാശാല
6 . സിൻഡിക്കേറ്റ് സെക്ഷൻ-1/എഡി .ഡി സെക്ഷൻ/ റെക്കോർഡ്സ് സെക്ഷൻ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ പി.ആർ.ഒ./ യൂണിവേഴ്സിറ്റി വെബ്സൈറ്റ്
7 . സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം